# എസ് വി എൽ പി എസ്
# തഴക്കര

## ഓരോ കുട്ടിയും മികവിലേക്ക്

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26


എസ്സ്. വി.എൽ.പി. സ്കൂൾ തഴക്കര.
സ്ഥാപിതം
1903
വിദ്യാഭ്യാസ ഉപജില്ല
മാവേലിക്കര

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എസ് വി എൽ പി എസ് തഴക്കര |
| മേൽവിലാസം | : | തഴക്കര, 690102<br>മാവേലിക്കര,<br>ആലപ്പുഴ |
| ഫോൺ | : | 9447058787 |
| സ്കൂൾ കോഡ് | : | 36259 |
| വിദ്യാഭ്യാസ ഉപജില്ല | : | മാവേലിക്കര |
| വിദ്യാഭ്യാസ ജില്ല | : | ആലപ്പുഴ |
| റവന്യൂ ജില്ല | : | ആലപ്പുഴ |
| ബി.ആർ.സി. | : | മാവേലിക്കര |
| സി.ആർ.സി. | : | പുതിയകാവ് |
| ഗ്രാമപഞ്ചായത്ത് | : | തഴക്കര |
| ബ്ലോക്ക് പഞ്ചായത്ത് | : | മാവേലിക്കര |
| ജില്ലാ പഞ്ചായത്ത് | : | തഴക്കര |
| നിയമസഭാമണ്ഡലം | : | മാവേലിക്കര |
| ലോകസഭാമണ്ഡലം | : | മാവേലിക്കര |
| താലൂക്ക് | : | മാവേലിക്കര |
| വില്ലേജ് | : | തഴക്കര ഗ്രാമപഞ്ചായത്ത് |
| ഇ-മെയിൽ വിലാസം | : | svlpsthazhakara23@gmail.com |
| **Udise code** | | 32110700407 |

## അധ്യാപകരും അനധ്യാപകരും ( 2024-25 )

1. ജയലക്ഷ്മി പി ( H M)
2. അനുപമ ജി (LPST)
3. കാർത്തിക മുരളി (LPST)
4. ശ്രീലക്ഷ്മി എം (LPST)
5. നിഷ സജിൻ (Pre-primary Tr)
6. രമ്യ വി ജി (Pre- primary Tr)
7. വിജയലക്ഷ്മി ( Cooking Staff)



# ആമുഖം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ച് പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ച് കുട്ടികളുടെ ഭൗതിക മാനസിക വാർഷിക സഹായകരമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം. എല്ലാ വിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ പ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടി ആകും എന്ന് ഉറപ്പാണ്.

" എസ് വി എൽ പി എസ് തഴക്കര"യുടെ സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ *2025-26* സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളുന്നു. സ്കൂളിന്റെ കാഴ്ചപ്പാട്, അധ്യാപകർ, ലക്ഷ്യങ്ങൾ, വിവിധ അക്കാദമിക പാഠ്യേതര മേഖലകളിലെ വിശദമായ പ്രവർത്തന പദ്ധതികൾ എന്നിവ ഈ രേഖയിൽ പ്രതിപാദിക്കുന്നു .പൊതുവിദ്യാലയത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും ,കുട്ടികളുടെ ഭൗതികവും മാനസികവുമായ വളർച്ചയെ പരിപോഷിപ്പിക്കുന്നതിനും ,എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും ആത്യന്തികമായി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിനും വേണ്ടിയാണ് ഈ മാസ്റ്റർ പ്ലാൻ രൂപകല്പന ചെയ്തിരിക്കുന്നത് .സജീവമായ പി ടി എ ,എം പി ടി എ ,അർപ്പണബോധമുള്ള അധ്യാപക സംഘം ,പിന്തുണ നൽകുന്ന രക്ഷിതാക്കൾ, വിശാലമായ പൊതുസമൂഹം എന്നിവയുടെ സജീവ സഹകരണത്തോടെയാണ് ഈ തന്ത്രപരമായ രേഖ തയ്യാറാക്കിയിരിക്കുന്നത്.

# ചരിത്രം

1903ൽ സ്ഥാപിതമായ കുന്നുംപുറത്തു വിദ്യാലയം ഒരു നൂറ്റാണ്ടിന്റെ പുണ്യ സുകൃത നന്മകളുമായി ഇന്നും നിലകൊള്ളുന്നു. സ്വന്തം സ്ഥലവും അധ്വാനവും സമർപ്പിച്ചു ഉല്പതിഷ്ണുക്കളായ പൂർവസൂരികൾ നാട്ടിലെ ഇളംതലമുറയെ അക്ഷര ലോകത്തേക്ക് കൈപിടിച്ചുയർത്തുവാൻ ഒരു വിദ്യാലയം സ്ഥാപിച്ചു. തഴക്കര ശ്രീകുമാരവിലാസം എൽ പി സ്കൂൾ . എത്രയോ  തലമുറകളാണ് ആദ്യക്ഷരത്തിന്റെ അറിവുന്നുകർന്നു ഈ വിദ്യാലയത്തിന്റെ പടി ഇറങ്ങിയത്.

ഉച്ചനീചത്വങ്ങൾ ഉച്ചസ്ഥായിലായിരുന്ന കാലഘട്ടത്തിൽ പോലും  എല്ലാ കുട്ടികൾക്കും ഒരുമിച്ചിരുന്നു പഠിക്കാൻ അവസരം ഉണ്ടാക്കി എന്നതാണ് അതിന്റെ സാമൂഹികമായ പ്രാധാന്യം. ഇവിടെ പഠിച്ച മഹത് വ്യക്തികൾ ജീവിതത്തിന്റെ നാണതുറകളിലും സ്ഥിതി ചെയ്യുന്നു.

ആദ്യ കാലങ്ങളിൽ ഒന്നു മുതൽ അഞ്ചു വരെ ക്ലാസ്സുകളാണ് ഉണ്ടായിരുന്നത്. എന്നാൽ പിന്നീട് അതുമാറി നാലാം സ്റ്റാൻഡേർഡ് വരെ ആയി. മാറി മാറി വന്ന പല മാനേജ്മെന്റ് കളും ഈ സ്കൂളിന് വേണ്ടി പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ സ്കൂളിന്റെ ചരിത്രത്തിലെ ഏറ്റവും നല്ല കാലഘട്ടം 2001 - 2007 കാലഘട്ടമാണ്. ഈ സമയത്തു ഓരോ ക്ലാസ്സിലും ഫാൻ ഉം കുട്ടികൾക്ക് പ്രത്യേകം പ്രത്യേകം ടോയ്‌ലറ്റ്, ശുദ്ധജലസംവിധാനം, വൃത്തിയും വെടുപ്പുമുള്ള അടുക്കള, കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്നതിനാവിശ്യമായ പാത്രങ്ങൾ, പ്രത്യേകം ഫ്ളാഗ് പോസ്റ്റ്, കമ്പ്യൂട്ടർ,ഇലക്ട്‌റിഫിക്കേഷൻ ഇങ്ങനെ പോകുന്നു നേട്ടങ്ങൾ

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമാണെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലും ഉള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാൻ ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കി കൊടുക്കുക.
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട മികവാർന്ന പ്രവർത്തനങ്ങൾക്കാഴ്ച വയ്ക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- ഐസിടി അധിഷ്ഠിത പഠനത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമി തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
- പാഠ്യപാഠേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷനാത്മക പഠനത്തിനും അവസരം ഒരുക്കുക.
- പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ ക്ലാസുകളും പഠന തന്ത്രങ്ങളും ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- ലഘു പഠന യാത്രകൾ പഠന ക്യാമ്പുകൾ ശില്പശാലകൾ വിദഗ്ധരുടെ ക്ലാസുകൾ സെമിനാറുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക
- പുതുതലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടു.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക അതിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് അവരെ ബോധവാരാക്കുക
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക
- ജൈവവൈവിധ്യ ഉദ്യാനം ഔഷധ ഉദ്യാനം എന്നിവ സംരക്ഷ സംരക്ഷിക്കുക കൂടുതൽ മെച്ചപ്പെടുത്തുക
- പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കുക..
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരം ഒരുക്കുക

# ലക്ഷ്യങ്ങൾ

- കുട്ടികൾക്ക് ഗൈഡൻസ് കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങൾ ഏർപ്പെടുത്തുക
- പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ/വിഭവങ്ങളെ പഠന പ്രവർത്തനങ്ങൾ ആക്കി മാറ്റുക
- മാലിന്യ സംസ്കരണത്തിന് സാധ്യമായ വിവിധ മാർഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശക്തികരണം നടപ്പിലാക്കുക
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ടാലൻറ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

# അക്കാദമികവും ഭൗതികവുമായ നേട്ടങ്ങളും പരിമിതികളും

## നേട്ടങ്ങൾ

1. അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.
2. "ഓരോ കുട്ടിയും ഒന്നാമനാണ്" പദ്ധതി കുട്ടികളുടെ കഴിവും, അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.
3. കലാപഠനം, പ്രവൃർത്തിപരിചയ പഠനം, കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.
4. പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ.
5. പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്.
6. സർഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം .
7. പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പിലാക്കുന്നു.
8. കാർഷിക പ്രവൃത്തികൾ ജൈവവൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ.
9. ഐസിടി അധിഷ്ഠിത പഠന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്.

# പരിമിതികൾ

1. മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

2. വായനയ്ക്ക് നന്നായി പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ് വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലകളിൽ കുട്ടികളുടെ പിന്നോക്ക അവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.

3. കുട്ടികളുടെ പഠന പിന്നോക്ക അവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട് 10% കുട്ടികൾ എങ്കിലും പിന്നോക്കക്കാരാണ്.

4. ലൈബ്രറി ,കമ്പ്യൂട്ടർ ലാബ് പഠന സൗകര്യം ഇല്ല.

# പ്രശ്നങ്ങൾ / വെല്ലുവിളികൾ

## അക്കാദമികം

1.മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനം നേട്ട ഉറപ്പാക്കാൻ സാധിക്കുന്നില്ല.

2. പാഠഭാഗങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുന്നില്ല.

3. പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ്ബ് പ്രവർത്തനങ്ങൾ മാറുന്നില്ല.

4. പ്രാദേശിക വിഭാഗങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

5. ശരിയായ കായിക ക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല.

## ഭൗതീകം

1. ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.

2. പ്രഭാത ഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിൽ എത്തുന്നു .

## സാമൂഹികം

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ സാമൂഹിക പ്രവർത്തകർ എന്നിവർ ആവശ്യമായ അവബോധം ഇല്ല.

2. ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിന് ജീവിതത്തിന് നിലവിലുള്ള നിയമപരിക്ഷിയെ കുറിച്ച് ധാരണയില്ല

# വിഷയ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ

## ഭാഷാവികസനം

1. എല്ലാ കുട്ടികളെ അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ തരത്തിലുള്ള ആശയവിനിമയ ശേഷി നേടിയെന്ന് ഉറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക

# വിഷയ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലേക്കുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവധരണ രീതിയിലൂടെ അടിസ്ഥാന ഭാഷാശേഷികൾ നേടാൻ സചിത്ര നോട്ട്ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.
7. ക്ലാസ് വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണവർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

# വിഷയ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ

## പരിസരപഠനം

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക.
ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ
വികസിപ്പിക്കുക.
2. ശാസ്ത്രത്തിൻറെ രീതി സ്വായത്തമാക്കാനുള്ള അനുഭവം
ഒരുക്കുക.
3. ശാസ്ത്രപ്രക്രിയ ശേഷികൾ വികസിപ്പിക്കുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ
ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന്
പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ ,ബോധവൽക്കരണ പരിപാടികൾ,
ചർച്ചകൾ , സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

# വിഷയ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ

## പ്രവർത്തിപരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്സ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ ,പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായിട്ടുള്ള പഠനവുമായി പ്രവർത്തിപരിചയ അനുഭവത്തെ ബന്ധിപ്പിക്കുക.

## കലാ പരിശീലനം

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാ പഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. ഓരോ കുട്ടി ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

# വിഷയ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ

## ആരോഗ്യ കായികവിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായിക ആരോഗ്യ ക്ഷമത ഉറപ്പു ആക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം -അനായാസകരമാക്കൽ
4. വായനാശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്ര പോഷണ പരിപാടി
6. പ്രതിഭാ പോഷണ പരിപാടി
7. ലൈബ്രറി ശാക്തീകരണം
8. ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ
9. സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
10. പഠനയാത്രകൾ
11. സ്കൂൾ പത്രം, മാസിക
12. അധ്യാപക ശാക്തീകരണം-സ്കൂൾ എസ് ആർ ജി തലം
13. പ്രവർത്തിപരിചയ പരിശീലനം
14. കലാപരിപോഷണം
15. പച്ചക്കറിത്തോട്ടം

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

16. സാഹിത്യ ശില്പശാലകൾ
17. മെഡിക്കൽ ക്യാമ്പുകൾ
18. രക്ത ഗ്രൂപ്പ് നിർണയം
19. ലഘു ഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ
20. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
21. ഭാഷാ ലാബ്
22. ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
23. ഗവേഷണാത്മക പഠനം
24. കായിക ശേഷി വികസനം
25. വിലയിരുത്തൽ കാര്യക്ഷമമാക്കൽ
26. ചോദ്യപേപ്പർ ശില്പശാല
27. ഐടി പഠനം കാര്യക്ഷമമാക്കൽ
28. ചിത്രരചന ക്യാമ്പ്
29. സ്കൂൾ മാഗസിൻ നിർമ്മാണം
30. സംഗീത ശില്പശാല

# പഞ്ചവത്സര ലക്ഷ്യങ്ങൾ

* ശിശു സൗഹൃദ പഠനാന്തരീക്ഷവും മികച്ച ഭൗതിക സൗകര്യങ്ങളും ലക്ഷ്യമിടുന്നു.

* പ്രീ പ്രൈമറി മുതൽ 4 വരെയുള്ള ക്ലാസുകളിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക.

*സമഗ്ര വികസനത്തിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

*വിദ്യാലയത്തിന്റെ പുരോഗതിയിൽ തല്പരരായ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ വിദ്യാലയ വികസനത്തിന് ലക്ഷ്യമാക്കുക.

*എസ് എം സി ക്ലാസ്, പിടിഎ എന്നിവ കൂടുതൽ ശക്തമാക്കുക.

*വിദ്യാലയ മികവുകൾ സമൂഹവുമായി പങ്കിടുന്നതിനുള്ള വേദികൾ സൃഷ്ടിക്കുക

*അംഗൻവാടി, പൊതു സമൂഹം, പൂർവ്വ വിദ്യാർത്ഥികൾ, പൊതുപ്രവർത്തകർ എന്നിവരുടെ സഹായത്തോടെ ഭവന സന്ദർശനം

# മലയാളം/പഠനപിന്നാക്കാവസ്ഥ

**പ്രവർത്തനം : 1**
**പേര് : പുസ്തകം എന്റെ ചങ്ങാതി**
**ഉപമേഖല വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | | |

**പ്രവർത്തനം : 2**
**പേര് : എന്റെ പിറന്നാൾ പുസ്തകം**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 3**
**പേര് : ഉച്ചഭാഷിണി വായന**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 4
പേര് : അക്ഷരക്കൂട്ടം (വായനാകോർണർ)
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി | |

പ്രവർത്തനം : 5
പേര് : സ്കൂൾ ലൈബ്രറി
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ. സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. പ്രാദേശിക ക്ലബ്ബ്കൾ | |

പ്രവർത്തനം : 6
പേര് : ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 7
പേര് : ക്ലാസ്സ് തല പതിപ്പുകൾ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 8
പേര് : എന്റെ വായനാ കുറിപ്പുകൾ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 9
പേര് : കയ്യെഴുത്തു മാസികകൾ ,പ്രിന്റഡ് മാഗസിൻ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമിലും<br>പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്നു | വിദ്യാരംഗം ഭാഷാക്ലബ്ബ് | |

പ്രവർത്തനം : 10

പേര് : രചനോത്സവം

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് | |

പ്രവർത്തനം : 11

പേര് : സർഗ്ഗവേള

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 12

പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക

ഉപമേഖല : ആശയഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ | | |

# ഇംഗ്ലീഷ്

**പ്രവർത്തനം : 1**
**പേര് : ഇംഗ്ലീഷ് അസംബ്ലി**
**ഉപമേഖല : പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

**പ്രവർത്തനം : 2**
**പേര് : ഇംഗ്ലീഷ് ഡയറി (3,4ക്ലാസ്സുകളിൽ )**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 3**
**പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കൂ.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 4
പേര് : Reading Card Work Shop
ഉപമേഖല : വായനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമ്മിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : 5
പേര് : Work Sheet Work Shop
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ | എസ്. ആർ.ജി. | |

# ഗണിതം

**പ്രവർത്തനം : 1**
**പേര് : ഗണിത വർക്ക് ഷീറ്റ് ശില്പ ശാല**
**ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക. | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG | |

**പ്രവർത്തനം : 2**
**പേര് : ഗണിതലാബ് (ഗണിതമധുരം)**
**ഉപമേഖല : ഗണിത കേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | | സ്കൂൾ മാനേജ്മെന്റ് | |

**പ്രവർത്തനം : 3**
**പേര് : ഗണിതമൂല**
**ഉപമേഖല : ഗണിത കേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 4**
**പേര് : യൂണിറ്റ് വിലയിരുത്തൽ**
**ഉപമേഖല : യൂണിറ്റ് ടെസ്റ്റ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി. പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 5**
**പേര് : ഗണിതക്ലാസ് പി.ടി.എ.**
**ഉപമേഖല : സി.പി.ടി. എ ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W. പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 6**
**പേര് : ഗണിതം മധുരം**
**ഉപമേഖല : ഗണിത കേളി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ്സ് ടീച്ചർ | |

# പരിസര പഠനം

**പ്രവർത്തനം :** 1
**പേര്** : ശാസ്ത്ര പഠനോപകരണ ശില്പ ശാല
**ഉപമേഖല** : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങുംവിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 2
**പേര്** : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്
**ഉപമേഖല** : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാമാസത്തിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 3
**പേര്** : പരീക്ഷണകിറ്റ്
**ഉപമേഖല** : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

# സാമൂഹികാവബോധം

**പ്രവർത്തനം : 1**
**പേര് : അതിഥിയെ അറിയൽ**
**ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ , ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 2**
**പേര് : പ്രാദേശിക അറിവ്**
**ഉപമേഖല : നാട്ടറിവ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG | |

**പ്രവർത്തനം : 3**
**പേര് : ഫീൽഡ് ട്രിപ്പ്**
**ഉപമേഖല : പൊതു സ്ഥാപനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | |

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം : 1
പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T. സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ. ( സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | | |

പ്രവർത്തനം : 2
പേര് : I T ലാബ്
ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT ,ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | | |

## പ്രവൃത്തി പരിചയം

**പ്രവർത്തനം :** 1
**പേര്** : പ്രവൃത്തി പരിചയശിൽപശാല
**ഉപമേഖല** : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ.നിർമ്മാണം:ചന്ദനത്തിരി, പാവ, ചോക്ക് etc. | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 2
**പേര്** : പേപ്പർ ബാഗ് നിർമാണം
**ഉപമേഖല** : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമാണംപരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ - മാർച്ച് | SSG | |

**പ്രവർത്തനം :** 3
**പേര്** : ഒറിഗാമി
**ഉപമേഖല** : കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷവുമായി പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | | |

# സർഗ വേദി

**പ്രവർത്തനം :** 1
**പേര്** : സർഗവേദി
**ഉപമേഖല** : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT SRG | |

**പ്രവർത്തനം :** 2
**പേര്** : ടാലെന്റ് ലാബുകൾ
**ഉപമേഖല** :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ളപരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം ,ആലാപനം ,ചിത്ര രചന , ക്രാഫ്റ്റ് വർക്ക് , പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA | |

**പ്രവർത്തനം :** 3
**പേര്** : പ്രകടന വേദികൾ
**ഉപമേഖല** : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ - മാർച്ച് | SRG CT | |

## ആരോഗ്യ – കായിക – വിദ്യാഭ്യാസം

**പ്രവർത്തനം : 1**
**പേര് : കായികാരോഗ്യം**
**ഉപമേഖല : എയറോബിക്സ് എക്സെർസൈസസ്സ് ,ഫുട്ബോൾ കോച്ചിങ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഫുട്ബോൾ കോച്ചിങ് ക്യാമ്പ് , സ്കിപ്പിംഗ് പരിശീലനം , ബാറ്റ്മിന്റൺ ,അത്‌ലറ്റിക് പരിശീലനം | ജൂൺ - മാർച്ച് | HM<br>SRG<br>PTA | |

**പ്രവർത്തനം : 2**
**പേര് : ഹെൽത്ത് ചെക്ക് അപ്പ്**
**ഉപമേഖല : ആര്യോഗ്യം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| -<br>എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. | എല്ലാ കുട്ടികൾക്കും ആര്യോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടേർമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | PTA | - |

**പ്രവർത്തനം : 3**
**പേര് : കായിക വിദ്യാഭ്യാസം – അധ്യാപക ശിൽപശാല**
**ഉപമേഖല : അധ്യാപക ശാക്തീകരണം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| -<br>ആര്യോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീര്യേഡിൽ ഫിസിക്കൽ എക്സൈസ്, ഗെയിംസ്, എന്നി നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | |

# ഉപസംഹാരം

തഴക്കര എസ് വി എൽ പി സ്കൂളിന്റെ ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുടെ ഉന്നതിയുമായി ബന്ധപ്പെട്ട കൃത്യമായ ദിശാബോധത്തോടെയും അർപ്പണബോധത്തോടെയും ആണ് തയ്യാറാക്കിയിട്ടുള്ളത്. കുട്ടിയുടെ സർവോത്മകമായ വിദ്യാഭ്യാസമാണ് ഇത് ലക്ഷ്യമാക്കുന്നത്. "ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കുക എന്നത് കുട്ടിയുടെ അവകാശമാണ്" എന്ന ആശയം ഉൾക്കൊണ്ടും "ഓരോ കുട്ടിയും മികവിലേക്ക്" എന്ന ആശയവും കൈകൊള്ളാൻ ഇത് പ്രകാരം സമയബന്ധിതമായി പ്രവർത്തനങ്ങൾ നടത്തി കൃത്യമായ വിലയിരുത്തലിലൂടെയും പ്രവർത്തിക്കാൻ കഴിയുമെന്ന ദൃഢബോധത്തോടെയും വിശ്വാസത്തോടെയും ആണ് ഈ അക്കാദമി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

നന്ദി

**ശ്രീമതി ജയലക്ഷ്മി** (HM,SVLPS Thazhakara)

**അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്**

ശ്രീമതി അനുപമ ജി , ശ്രീമതി ശ്രീലക്ഷ്മി എം (SVLPS തഴക്കര )

**ആശംസകളോടെ**

ശ്രീമതി കാർത്തിക മുരളി, ശ്രീമതി നിഷ സജിൻ,
ശ്രീമതി രമ്യ വി.ജി